ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:07.07.2025**

1. യുവ ശക്തിയാൽ സമ്പന്നമായ രാജ്യമാണ് ഇന്ത്യയെന്നും രാജ്യത്തിൻറെ ഭാവിയ്ക്ക് ഊർജ്ജം പകരുന്നത് യുവജനങ്ങളാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ; ഭരണ ഘടനാ സ്ഥാപനങ്ങൾ സഹകരിച്ച് പ്രവർത്തിക്കണമെന്നും ഉപരാഷ്ട്രപതി.
2. കേരള സർവ്വകലാശാലയിലെ സംഭവവികാസങ്ങൾ സംബന്ധിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി.
3. നിപ വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്.
4. രജിസ്ട്രേഡ് തപാലും, സ്പീഡ് പോസ്റ്റും, പാഴ്സലും വീടുകളിൽ ചെന്ന് ശേഖരിക്കാനൊരുങ്ങി തപാൽ വകുപ്പ്.
5. വായന പക്ഷാചരണം സംസ്ഥാനതല സമാപന സമ്മേളനം മന്ത്രി സജി ചെറിയാൻ ഇന്ന് പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യും.
6. ഏഷ്യൻ പാര അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ ലോക ഒന്നാം നമ്പർ താരം ഇന്ത്യയുടെ ഹർവീന്ദർ സിങ്ങിന് ഇരട്ട സ്വർണം.

RNU TVPM

***************************************

## ഉപരാഷ്ട്രപതി (ഇൻട്രോ)

ലോകത്ത്, യുവ ശക്തിയാൽ ഏറ്റവും സമ്പന്നമായ രാജ്യമാണ് ഇന്ത്യയെന്നും രാജ്യത്തിൻറെ ഭാവിയ്ക്ക് ഊർജ്ജം പകരുന്നത് യുവജനങ്ങളാണെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.കളമശേരിയിൽ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർഥികളും അധ്യാപകരുമായി ആശയ വിനിമയം നടത്തുകയായിരുന്നു ഉപരാഷ്ട്രപതി.

(ഹോൾഡ് വോയ്സ്.........)

ഭരണ ഘടനാ സ്ഥാപനങ്ങൾ സഹകരിച്ച് പ്രവർത്തിക്കണമെന്നും ഉപരാഷ്ട്രപതി നിർദ്ദേശിച്ചു. കേരളം എന്നും ഇന്ത്യയ്ക്ക് മികച്ച സംഭാവനകളാണ് നൽകിയിട്ടുള്ളതെന്ന് പറഞ്ഞ ഉപരാഷ്ട്രപതി രാജ്യത്തെ ആദ്യ വനിതാ ജഡ്ജിയെ സംഭാവന ചെയ്ത സംസ്ഥാനമാണ് കേരളമെന്നും ഓർമിപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ പി രാജീവ്, ആർ ബിന്ദു എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

RNJ TVPM

***************************************

## ഉപരാഷ്ട്രപതി-ഗുരുവായൂർ

അതേസമയം, ഉപരാഷ്ട്രപതിയുടെ ഗുരുവായൂർ ദർശനം തടസപ്പെട്ടു. മോശം കാലാവസ്ഥയെ തുടർന്ന് ഗുരുവായൂരിൽ ഹെലികോപ്റ്റർ ലാൻഡ് ചെയ്യാൻ കഴിയാതെ വന്നതോടെ അദ്ദേഹം കൊച്ചിയിലേക്ക് മടങ്ങുകയായിരുന്നു. കാലാവസ്ഥ അനുകൂലമായാൽ പിന്നീട് വീണ്ടും ദർശനത്തിനെത്തുമെന്നാണ് വിവരം.

***************************************

## കേരള സർവ്വകലാശാല

കേരള സർവ്വകലാശാലാ രജിസ്ട്രാർ ഡോ.കെ.എസ്.അനിൽകുമാറിന്റെ സസ്പെൻഷൻ സിൻഡിക്കേറ്റ് റദ്ദാക്കിയതിലും തിരികെ ചുമതലയേറ്റതിലും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ റിപ്പോർട്ട് തേടി.

താത്കാലിക വി സി സിസ തോമസിനോടാണ് ഗവർണർ റിപ്പോർട്ട് തേടിയത്. അതേ സമയം കേരള സർവ്വകലാശാലാ ജോയിന്റ് രജിസ്ട്രാർ പി ഹരികുമാറിനെ രജിസ്ട്രാർ ചുമതലയിൽ നിന്ന് നീക്കി വൈസ് ചാൻസലർ ഉത്തരവിട്ടു. ജോയിന്റ് രജിസ്ട്രാർ പി ഹരികുമാർ അവധിയിൽ പ്രവേശിച്ചിരുന്നു. മിനി കാപ്പന് രജിസ്ട്രാറുടെ പകരം ചുമതലയും നൽകിയിട്ടുണ്ട്.

*********************************

RNU TVPM

## കേരള സർവ്വകലാശാല-ഹൈക്കോടതി

കേരള സർവ്വകലാശാലയിൽ ഇന്നലെ ചേർന്ന അടിയന്തര സിൻഡിക്കറ്റ് യോഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടെ ഹൈക്കോടതി ഇന്ന് പരിഗണിക്കും. സസ്പെൻഷനിലായ രജിസ്ട്രാർ ഡോ കെ എസ് അനിൽകുമാർ നേരത്തെ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കേസ് പരിഗണിച്ച കോടതി ബന്ധപ്പെട്ട കക്ഷികളോട് സത്യവാങ്മൂലം സമർപ്പിക്കാൻ നിർദ്ദേശിക്കുകയായിരുന്നു. രജിസ്ട്രാറുടെ സസ്പെൻഷനുമായി ബന്ധപ്പെട്ട് വൈസ് ചാൻസലറും സിൻഡിക്കേറ്റും വെവ്വേറെ സത്യവാങ്മൂലങ്ങൾ സമർപ്പിച്ചതായാണ് സൂചന. തർക്കം രൂക്ഷമായ സാഹചര്യത്തിൽ ഹൈക്കോടതി തീരുമാനം നിർണ്ണായകമാകും.

*********************************

## നിപ -വീണാജോർജ് (ഇൻട്രോ)

സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. ആരോഗ്യ മന്ത്രി വീണ ജോർജ്ജിന്റെ നേതൃത്വത്തിൽ ഇന്ന് പാലക്കാട് അവലോകന യോഗം ചേർന്നു. പാലക്കാട് നിപ സ്ഥിരീകരിച്ച യുവതി കോഴിക്കോട് മെഡിക്കൽ കോളെജിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണെന്ന് മന്ത്രി അറിയിച്ചു. രോഗ വ്യാപനം തടയുന്നതിന് മുൻഗണന നൽകിയുള്ള പ്രതിരോധ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ശ്രീമതി വീണ ജോർജ് പറഞ്ഞു.

**( വോയിസ്....)**

************************************

## പാലക്കാട് -നിപ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ നിപ സമ്പർക്ക പട്ടികയിലുള്ളത് 173 പേർ. 12 സാമ്പിളുകളുടെ പരിശോധനാ ഫലം ഉച്ചയോടെ ലഭിക്കുമെന്ന് മന്ത്രി വീണ ജോർജ്ജ് പാലക്കാട്ടെ അവലോകന യോഗത്തിന് ശേഷം അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്.....**
**( വോയിസ്....)**

RNU TVPM

************************************

## നിപാ- മലപ്പുറം

നിപാ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കനത്ത ജാഗ്രത തുടരുന്നു. മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, കുറുവ, മങ്കട പഞ്ചായത്തുകളിലെ 20 വാർഡുകളാണ് കണ്ടെയ്ൻമെൻറ് സോണുകൾ. മാസ്ക് ധരിക്കണമെന്നും കൂട്ടം കൂടുന്നത് ഒഴിവാക്കണമെന്നും കർശന നിർദേശമുണ്ട്. വീടുകളിലെ സന്ദർശനവും പനി സർവൈലൻസും തുടരുകയാണ്.

കൂടുതൽ ഐസിയു, ഐസൊലേഷൻ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

**********************************

## വായന പക്ഷാചരണം

വായന പക്ഷാചരണം സംസ്ഥാനതല സമാപന സമ്മേളനം സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഇന്ന് പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ.കെ.വി. കുഞ്ഞികൃഷ്ണൻ അധ്യക്ഷനാകും. സ്കൂൾ പ്രവേശനോത്സവ ഗാനം രചിച്ച ഭദ്ര ഹരിയെ ചടങ്ങിൽ അനുമോദിക്കും. തുടർന്ന്, വൈക്കം മുഹമ്മദ് ബഷീർ കൃതിയെ ആസ്പദമാക്കി റീഡിംഗ് തീയേറ്റർ അവതരണം നടക്കും. പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ ഐ.വി.ദാസിൻറെ ജന്മദിനമായ ജൂലൈ 7 വരെ കേരള സർക്കാരും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലും സംയുക്തമായാണ് വായന പക്ഷാചരണം സംഘടിപ്പിക്കുന്നത്.

RNUTVPM

**********************************

## തപാൽ വകുപ്പ്

രജിസ്ട്രേഡ് തപാലും, സ്പീഡ് പോസ്റ്റും, പാഴ്സലും വീടുകളിൽ ചെന്ന് ശേഖരിക്കാനൊരുങ്ങി തപാൽ വകുപ്പ്. ഇതിനായി സോഫ്ട് വെയർ വികസിപ്പിച്ചു. മൊബൈൽ ആപ്ലിക്കേഷൻ വഴി ബുക്ക് ചെയ്യുന്നവർക്കാകും സേവനം. ബുക്ക് ചെയ്ത് പണമടയ്ക്കുമ്പോഴേ ബന്ധപ്പെട്ട പോസ്റ്റ്മാന് സന്ദേശം ലഭിക്കും. പോസ്റ്റ്മാൻ വീട്ടിലെത്തി തപാൽ ഉരുപ്പടി ശേഖരിക്കും. ഇതുൾപ്പെടെയുള്ള പരിഷ്കാരങ്ങൾ ഉടൻ നടപ്പാകും.

**********************************

## അംബികസുതൻ മാങ്ങാട്

ബഷീർ കൃതികൾ പരത്തിയ വെളിച്ചം കാലമേറുമ്പോൾ മങ്ങുന്നതിനു പകരം കൂടുതൽ വെളിച്ചമുള്ളതാവുകയാണെന്ന് എഴുത്തുകാരൻ അംബികസുതൻ മാങ്ങാട്. വിവര പൊതുജന സമ്പർക്ക വകുപ്പ് കാസർകോട് ജില്ലാ ഇൻഫർമേഷൻ ഓഫീസും കലക്ടറേറ്റ് അക്ഷര ലൈബ്രറിയും വായന പക്ഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവും ബഷീർ ചെറുകഥ പുരസ്കാര ദാനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

***********************************

## സി പി ഐ കണ്ണൂർ സമ്മേളനം

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കുകളിൽ പൊതുമാനദണ്ഡം കൊണ്ടുവരണമെന്ന് സി പി ഐ കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. പാർട്ടി ജില്ലാ സെക്രട്ടറി ആയി സി.പി.സന്തോഷ് കുമാറിനെ സമ്മേളനം തിരഞ്ഞെടുത്തു. രണ്ടാം തവണയാണ് സി.പി.സന്തോഷ് കുമാർ ജില്ലാ സെക്രട്ടറിയാകുന്നത്.

RNU TVPM

***********************************

## ദേശീയ പണിമുടക്ക്

വിവിധ തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് നാളെ അർധരാത്രി ആരംഭിക്കും. മറ്റന്നാൾ അർധരാത്രി വരെയാണ് പണിമുടക്ക്. മറ്റന്നാൾ രാവിലെ രാജ്ഭവന് മുമ്പിൽ 10,000 പേർ പങ്കെടുക്കുന്ന പ്രതിഷേധ കൂട്ടായ്മ സംയുക്ത ട്രേഡ് യൂണിയൻ സമിതി ജനറൽ കൺവീനർ എളമരം കരീം ഉദ്ഘാടനം ചെയ്യും. എ.ഐ.ടി.യു.സി, സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയനുകളും

ജീവനക്കാരുടെ ഫെഡറേഷനുകളും ആഹ്വാനം ചെയ്ത പണിമുടക്കിന് സംയുക്ത കിസാൻ മോർച്ചയും കേരളത്തിലെ തൊഴിൽ സംഘടനകളും പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

*********************************

## ഓണം-പൂക്കളം പത്തനംതിട്ട (ഇൻട്രോ)

ഓണത്തിന് പൂക്കളമൊരുക്കാൻ ബന്ദിയും വാടമുല്ലയും കൃഷിയിറക്കി പത്തനംതിട്ട ജില്ലയിലെ പ്രമാടം ഗ്രാമപഞ്ചായത്ത്. കഴിഞ്ഞ ഓണക്കാലത്ത് പ്രമാടം ഗ്രാമപഞ്ചായത്തിൽ ഒരു ടണ്ണോളം ബന്ദിപ്പൂക്കളാണ് വിളവെടുത്തത്.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**
**( വോയിസ്....)**

RNU TVPM

*********************************

## പാര അമ്പെയ്ത്ത് -സ്വർണം

ഏഷ്യൻ പാര അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ ലോക ഒന്നാം നമ്പർ താരം ഇന്ത്യയുടെ ഹർവീന്ദര് സിങ്ങിന് ഇരട്ട സ്വർണം. ഇതോടെ ഇന്ത്യ മെഡൽ പട്ടികയിൽ രണ്ടാമതെത്തി. ചൈനയാണ് ഒന്നാമത്. വനിതകളുടെ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ ശീതൾ ദേവി, ജ്യോതി എന്നിവരും സ്വർണം നേടി. ഇന്ത്യ മൂന്ന് വീതം സ്വർണവും വെള്ളിയും വെങ്കലവുമാണ് സ്വന്തമാക്കിയത്.

*********************************

## ക്രിക്കറ്റ്

എഡ്ജ്ബാസ്റ്റണിൽ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ചരിത്ര വിജയം. രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ടിനെ 336 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ആദ്യ ഇന്നിംഗ്സിൽ 269 റൺസും രണ്ടാം ഇന്നിംഗ്സിൽ 161 റൺസും ഉൾപ്പെടെ ശുബ്മാൻ ഗിൽ നേടിയ 430 റൺസാണ് വിജയത്തിൽ നിർണായകമായത്. ആകാശ് ദീപ് 10 വിക്കറ്റ് നേട്ടം കൈവരിച്ചു. ഈ മാസം 10 ന് ലോർഡ്സിലാണ് മൂന്നാം ടെസ്റ്റ്.

***********************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 65 പോയിന്റ് നഷ്ടത്തിൽ 83,368 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 20 പോയിന്റ് ഇടിഞ്ഞ് 25,441 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 400 രൂപ കുറഞ്ഞ് 72,080 രൂപയും ഗ്രാമിന് 9,010 രൂപയുമാണ് ഇന്നത്തെ വില.

**********************************************************************

***********************************

RNU TVPM